**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, നടപ്പിലാക്കിവരുന്ന പദ്ധതികൾ, എന്നിവ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ചും ചെലവാക്കിയ തുക സംബന്ധിച്ചുമുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വനം വകുപ്പ് മുഖേന പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ. നം. | നടപ്പിലാക്കിയ പദ്ധതികൾ | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| | **തിരുവനന്തപുരം വനം ഡിവിഷൻ** | |
| 1. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് പദ്ധതി പ്രകാരം 7.5 കി.മീ. ദൂരം ചിറ്റാർ നോർത്ത്, സൗത്ത് സെക്ഷനിൽ പുതുതായി സോളാർ ഫെൻസിംഗ് നിർമ്മാണം | 10.19 |
| 2. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് പദ്ധതി പ്രകാരം 3.5 കി.മീ. ദൂരം ശങ്കിലി സെക്ഷനിൽ നിലവിലുള്ള സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കി. | 3.96 |
| 3. | പൊന്മുടി, മങ്കയം ഇക്കോട്ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി കല്ലാർ ഗോൾഡൻവാലി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് പുതിയ കെട്ടിടം നിർമ്മിച്ചു | 76.00 |
| | **സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ** | |
| 4. | മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയ നിർമ്മാണം | 300.00 |
| 5. | നീന്തൽ കുളത്തിന്റെ നിർമ്മാണം | 200.00 |
| 6. | മെസ്സ് ഹാൾ, കിച്ചൻ, റെസ്റ്റ് റൂം എന്നിവയുടെ നവീകരണം | 100.48 |
| 7. | റിക്രിയേഷൻ ഹാളിന്റെ നവീകരണം | 49.9 |
| 8. | ലൈബ്രറി നവീകരണം | 53.84 |
| 9. | ബാരക്കിന്റെ നവീകരണം | 53.36 |
| 10. | ടോയിലറ്റ് ബ്ലോക്കിന്റെ നവീകരണം | 12.01 |
| 11. | ബസ്സ് ഷെഡ് കം ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ നിർമ്മാണം | 22.41 |
| 12. | വനറാണി ഹോസ്റ്റലിന്റെ നവീകരണം | 13.69 |

| | | |
|---|---|---|
| | **നടപ്പിലാക്കി വരുന്ന പദ്ധതികൾ** | |
| | **തിരുവനന്തപുരം വനം ഡിവിഷൻ** | |
| 1. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ശങ്കിലി സെക്ഷനിൽ പോട്ടമാവ് സെറ്റിൽമെന്റിന് ചുറ്റും 4. കി.മീ ദൂരത്തിൽ ആനക്കിടങ്ങ് നിർമ്മിക്കുന്നതിന് അടങ്കൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്. | 60.00 |
| 2 | തേക്ക്, കമ്പകം, അക്കേഷ്യ, ബാംബൂ, ആഞ്ഞിലി & പ്ലാവ് പ്ലാന്റേഷനുകളിലെ ഇക്കോ റെസ്റ്ററേഷൻ പ്രവൃത്തികൾ (219.63 ഹെക്റ്റർ) | 96.56 |
| 3. | ഇക്കോ റെസ്റ്ററേഷൻ പ്ലാന്റേഷനുകളിലെ രണ്ടാം വർഷ, മൂന്നാം വർഷ പരിചരണ പ്രവൃത്തികൾ (18.18 ഹെക്റ്റർ) | 3.64 |
| | **സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ** | |
| 4. | നബാർഡ് സഹായത്തോടെ അക്കാഡമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം | 1073.36 |
| 5. | നബാർഡ് സഹായത്തോടെ ട്രെയിനീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം | 946.59 |
| 6. | നബാർഡ് സഹായത്തോടെ എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം | 891.29 |

അനുബന്ധം 2

| | | |
|---|---|---|
| | **തിരുവനന്തപുരം വനം ഡിവിഷൻ** | |
| 1 | കുളത്തൂപ്പുഴ റെയിഞ്ചിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി കൃഷി വകുപ്പുമായി സഹകരിച്ച് ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസൻ യോജന) പദ്ധതി പ്രകാരം 9.57 കി.മീ. ദൂരം എലിഫന്റ് പ്രൂഫ് ട്രഞ്ച് നിർമ്മാണം ഡി.പി.ആർ അംഗീകാരം ലഭിച്ചിട്ടുണ്ട്. | 143.55 |
| 2 | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ശങ്കിലി സെക്ഷനിൽ 8 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് മെയിന്റനൻസ് | 16.00 |
| 3 | ചിറ്റാർ നോർത്ത് സെക്ഷനിൽ 2006 അക്കേഷ്യ മാഞ്ചിയം (1 ഹെ.), 2013 മെഡിസിനൽ പ്ലാന്റേഷൻ കുളത്തറകൈത (3.89ഹെ.), 2009 റ്റി.പി. ശങ്കിലി (19.84ഹെ.) തോട്ടങ്ങളിൽ ഇക്കോ റിസ്റ്ററേഷൻ ജോലികൾ | 2.82 |
| 4 | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 31-05-2024-ലെ സ.ഉ (കൈ)23/2024/വനം നമ്പർ ഉത്തരവ് പ്രകാരം പാലോട് റെയിഞ്ചിൽ രൂപീകരിച്ച ആർ.ആർ.റി -യുടെ നവീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് | 3.45 |
| 5 | വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി കല്ലാർ സെക്ഷനിലെ ചെമ്പിക്കുന്ന്, മൊട്ടമൂട് ഭാഗങ്ങളിൽ 2.5 കി.മീറ്റർ നീളത്തിലും പെരിങ്ങമ്മല സെക്ഷനിലെ വെങ്കലക്കോൺ, ഈയ്യക്കോട്, കൊടിച്ചില, വിട്ടിക്കാവ്, ഒരുപറകരിക്കകം എന്നിവിടങ്ങളിൽ 8 കി.മീറ്റർ നീളത്തിലും ആനകിടങ്ങ് നിർമ്മാണം (NABARD TRANCHE XXIX) | 154.93 |